# പതിനാലാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം:*103** **11.06.2019 -ൽ മറുപടിയ്ക്ക്**

## ഭവന സാക്ഷരതാ പരിപാടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സജി ചെറിയാൻ<br>ശ്രീ.കെ. ബാബു<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ജെയിംസ് മാത്യു : | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭവന നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് നിലവിലെ ഭവന നയം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഭവന നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് നിലവിലെ ഭവന നയം (2011) പരിഷ്കരിക്കുന്നതിന് സർക്കാർ തലത്തിൽ രണ്ട് കമ്മിറ്റികൾ 22/11/2018-ലെ സർക്കാർ ഉത്തരവുകൾ (സാ.ധാ)നം.44/2018/ഭവനം, 43/2018/ഭവനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 12/02/2019-ൽ ഇത് സംബന്ധിച്ചുള്ള ഒരു യോഗം കൂടുകയും ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിച്ചു വരികയും ചെയ്യുന്നു. |
| (ബി) നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവ് കുറഞ്ഞ വീട്, പ്രകൃതി സൗഹൃദ ഭവനങ്ങൾ, ഹരിതഭവനങ്ങൾ തുടങ്ങിയ നൂതന ആശയങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി എല്ലാ ജില്ലകളിലും ഭവന സാക്ഷരതാ പരിപാടി നടത്തി വരുന്നുണ്ടോ; | (ബി) | നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവ് കുറഞ്ഞ വീട്, പ്രകൃതി സൗഹൃദ ഭവനങ്ങൾ, ഹരിത ഭവനങ്ങൾ തുടങ്ങിയ നൂതന ആശയങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി 2018-19 വർഷത്തെ പ്ലാൻ പദ്ധതിയായ "Promotion of Innovative Building Technologies & Housing Literacy Programme" തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 2018-19 വർഷത്തിൽ നടത്തിയിട്ടുണ്ട്.<br><br>സംസ്ഥാന ഹൗസിംഗ് കമ്മിഷണറേറ്റുമായി സഹകരിച്ച് കെസ്നിക് തിരുവനന്തപുരം ജില്ലയിൽ ലാറി ബേക്കർ സ്മൃതി എന്ന പേരിൽ മാർച്ച് 4, 5 തീതികളിൽ ഭവന സാക്ഷരതാ പരിപാടി നടത്തിയിരുന്നു. |
| (സി) ഭവന നിർമ്മാണത്തിലെ ബദൽ മാർഗ്ഗങ്ങൾ, ഊർജ്ജസംരക്ഷിത ഭവനങ്ങൾ എന്നിവ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഈ | (സി) | ഭവന നിർമ്മാണത്തിലെ ബദൽ മാർഗ്ഗങ്ങൾ, ഊർജ്ജസംരക്ഷിത ഭവനങ്ങൾ എന്നീ വിഷയത്തിൽ സാങ്കേതിക വിദഗ്ദരുടെ അഭിപ്രായങ്ങൾ/ശുപാർശകൾ സ്വീകരിച്ച് |

| | |
|---|---|
| പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | സർക്കാരിന്റെ പുതിയ പാർപ്പിട നയത്തിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ ടി വിഷയങ്ങളും കേരള ബിൽഡിംഗ് കോഡ് രൂപീകരിക്കുമ്പോൾ പരിഗണിക്കുന്നതിന് നടപടി എടുക്കുന്നതാണ്.<br><br>ചെലവുകുറഞ്ഞ ഭവന നിർമ്മാണ സങ്കേതങ്ങളും ബദൽ വികസന കാഴ്ചപ്പാടും പരിചയപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്ത ശ്രീ ലാറി ബേക്കറുടെ സ്മരണാർത്ഥം 2019 മാർച്ച് 4, 5 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് നിർമ്മാണ മേഖലയിൽ ബദൽ സാങ്കേതിക വിദ്യകൾ, ഊർജ്ജസംരക്ഷിത ഭവനങ്ങൾ, നവകേരള നിർമ്മാണത്തിൽ ബദൽ സാങ്കേതിക വിദ്യ ഏതെല്ലാം മേഖലകളിൽ എങ്ങനെയൊക്കെ പ്രയോജനപ്പെടുത്തണം എന്നിങ്ങനെ വിവിധ ചർച്ചകൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദഗ്ദർ, സാധാരണക്കാർ എന്നിവർ വികസിപ്പിച്ചെടുത്ത വിവിധ ബദൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ ശൈലികളുടെ പ്രദർശനവും ഇതോടൊപ്പം സംഘടിപ്പിച്ചിരുന്നു. ഇപ്രകാരം മറ്റ് ജില്ലകളിൽ ഉൾപ്പെടെ നടത്തിയ പരിപാടികളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ, മാതൃകകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഹൗസിംഗ് കമ്മീഷണറേറ്റിൽ തയ്യാറാക്കുന്നുണ്ട്. |

Subha S

സെക്ഷൻ ഓഫീസർ